**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3352** **11-03-2025 - ൽ മറുപടിയ്ക്ക്**

**കൈക്കൂലി കേസിൽ പിടിക്കപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര റവന്യൂ ഉദ്യോഗസ്ഥർ കൈക്കൂലി കേസിൽ പിടിക്കപ്പെട്ടിട്ടുണ്ട്; തസ്തിക തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതു വരെ 85 റവന്യൂ ഉദ്യോഗസ്ഥർ കൈക്കൂലി കേസിൽ പിടിക്കപ്പെട്ടിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | എത്രപേർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര പേരെ സർവീസിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ട്; എത്ര പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്; എത്രപേർക്കെതിരെ പോലീസ് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; എത്രപേർ കുറ്റവിമുക്തരായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൈക്കൂലിക്കേസിൽ പിടിയിലായ85 ജീവനക്കാരെയും സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. വിജിലൻസിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ സർക്കാരിന്റെ കാലത്ത് 75 പേർക്ക് എതിരെ കഠിന ശിക്ഷ നടപ്പിലാക്കിയിട്ടുണ്ട്. 4 ജീവനക്കാരെ അച്ചടക്ക നടപടിയുടെ ഭാഗമായി സർവീസിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ട്. 4 പേരുടെ ഫുൾ പെൻഷൻ പൂർണ്ണമായും പിൻവലിക്കുകയും ഒരാളുടെ പെൻഷൻ 50% കുറവ് ചെയ്യുകയും ഒരു ജീവനക്കാരനെ ടിയാൻ ജോലി ചെയ്യുന്ന തസ്തികയിൽ നിന്നും തരം താഴ്ത്തുകയും ചെയ്തിട്ടുണ്ട്. കൈക്കൂലി കേസിൽ പിടിക്കപ്പെട്ട 46 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 8 ഉദ്യോഗസ്ഥരെ ബഹു. വിജിലൻസ് കോടതി ശിക്ഷിക്കുകയും ഒരു ഉദ്യോഗസ്ഥനെ കുറ്റവിമുക്തനാക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

### കൈക്കൂലി കേസിൽ പിടിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ

| തസ്തിക | എണ്ണം |
|---|---|
| ആർഡിഒ | 1 |
| തഹസീൽദാർ | 3 |
| ഡെപ്യൂട്ടി തഹസീൽദാർ | 2 |
| റവന്യൂ ഇൻസ്പെക്ടർ | 1 |
| സ്പെഷ്യൽ വില്ലേജ് ഓഫീസർ | 8 |
| വില്ലേജ് ഓഫീസർ | 31 |
| സീനിയർ ക്ളാർക്ക് | 1 |
| ലോവർ ഡിവിഷൻ ക്ളാർക്ക് | 1 |
| വില്ലേജ് അസിസ്റ്റന്റ് | 8 |
| വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | 27 |
| കാഷ്വൽ സ്വീപ്പർ | 2 |
| **ആകെ** | 85 |